**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1212** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര കളിസ്ഥലങ്ങൾ ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം ഒന്നാംഘട്ടമായി 124 കളിസ്ഥലങ്ങളും രണ്ടാംഘട്ടമായി 12 കളിസ്ഥലങ്ങളും 2025-26 സാമ്പത്തിക വർഷത്തിൽ മൂന്നാംഘട്ടമായി 36 കളിസ്ഥലങ്ങളും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഒന്നാം ഘട്ടത്തിലെ 10 കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വിഭാവനം ചെയ്തപ്പോൾ ഒരു എം.എൽ.എ. ക്ക് ഒരു സാമ്പത്തിക വർഷം എത്ര തുക ഉപയോഗിച്ചുള്ള പദ്ധതി നടപ്പിലാക്കുന്നതിനാണ് വകുപ്പ് ശിപാർശ നൽകിയിരിക്കുന്നത് ; എത്ര തുക നൽകുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് എന്നിവയിൽ നിന്നുമാണ് വകയിരുത്തുന്നത്. |
| (സി) | ഒരു സാമ്പത്തിക വർഷം ആ വർഷത്തെ ആസ്തി വികസന ഫണ്ടുപയോഗപ്പെടുത്തി ഒരു മണ്ഡലത്തിൽ ഒന്നിലധികം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഒരു നിയമസഭാ മണ്ഡലത്തിൽ എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട് വിഹിതം ഉൾപ്പെടുത്തി ഒന്നിലധികം കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളമെങ്കിലും നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ